**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5070** **20-03-2025 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിന്ന് നൽകിവരുന്ന എല്ലാ സേവനങ്ങൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ജനങ്ങളിലേക്ക് വേഗത്തിൽ എത്തിക്കുവാനായി റവന്യൂ വകുപ്പ് വിവിധ വെബ് അധിഷ്ഠിത പോർട്ടലുകൾ തയ്യാറാക്കിയിട്ടുണ്ട്. അപ്രകാരം സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിന്ന് നൽകിവരുന്ന എല്ലാ സേവനങ്ങൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>1. www.revenue.kerala.gov.in എന്ന പോർട്ടൽ മുഖേന പൊതു ജനങ്ങൾക്കായി താഴെ പറയുന്ന സേവനങ്ങൾ നൽകി വരുന്നു<br><br>• ഭൂ നികുതി ഒടുക്കൽ<br>• കെട്ടിട നികുതി ഒടുക്കൽ<br>• അധിക നികുതി ഒടുക്കൽ<br>• റവന്യൂ റിക്കവറി ഡിജിറ്റൽ പേയ്മെന്റ്<br>• പോക്കുവരവ്<br>• ഭൂമി - ആധാർ ലിങ്കിംഗ്<br>• ഓൺലൈൻ ആയി ബി ടി ആർ പകർപ്പ്, തണ്ടപ്പേർ പകർപ്പ്, ലൊക്കേഷൻ സ്കെച്ച്, FMB പകർപ്പ് എന്നിവക്കായി അപേക്ഷിക്കാം<br>• തരം മാറ്റം<br>• സിംഗിൾ വിൻഡോ ക്ലിയറൻസ് ലഭിച്ച തരം മാറ്റം അപേക്ഷകളിൽ ഗോൾഡൻ സീനിയോറിറ്റി<br>• പത്ത് വിദേശ രാജ്യങ്ങളിൽ നിന്നും ഇ പോർട്ടൽ മുഖേന ഭൂമി സംബന്ധമായ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br><br>2. RR Digital Payment - rr.kerala.gov.in and revenue.kerala.gov.in<br><br>3. Revenue e-Services Mobile App<br><br>EMR (Electronic Mortgage Recorder) (www.emr.kerala.gov.in) |

| | | | |
|---|---|---|---|
| | | | <ul><li>EMR മാർകിങ് പേയ്മെന്റ്</li><li>EMR റീലീസിംഗ് പേയ്മെന്റ്</li></ul>5. https://landrevenue.kerala.gov.in, www.lrd.kerala.gov.in എന്നീ പോർട്ടലുകൾ മുഖേന താഴെ പറയുന്ന സേവനങ്ങൾ നൽകി വരുന്നു<ul><li>കെട്ടിട നികുതി അസ്സെസ്സ്മെന്റ്</li><li>കെട്ടിട നികുതി അപ്പീൽ</li><li>സോഷ്യൽ സെക്യൂരിറ്റി പെൻഷൻ (leprosy, TB, കാൻസർ)</li><li>റിലീഫ് - പ്രകൃതിക്ഷോഭം, കോവിഡ്-19 എക്സ് ഗ്രേഷ്യ, എൻഡോസൾഫാൻ, കോവിഡ് BPL പെൻഷൻ</li><li>അലെർട്ട് - അനധികൃതമായ ഭൂമി കയ്യേറ്റം, മണൽ വാരൽ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിനായി</li><li>റവന്യൂ മിത്രം - പൊതുജനങ്ങൾക്കു റവന്യൂ വകുപ്പ് മന്ത്രി മുമ്പാകെ നേരിട്ട് പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനം.</li><li>പരാതി - പൊതു ജനങ്ങൾക്ക് ഏതൊരുദ്യോഗസ്ഥനെയും കുറിച്ച് പരാതി നല്കുന്നതിനുള്ള സംവിധാനം</li><li>പ്രവാസി മിത്രം - സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന കേരളീയർക്കായി പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനം</li></ul>6. E-District Portal<ul><li>ഈ പോർട്ടൽ വഴി റവന്യൂ വകുപ്പ് 23 വിവിധ സാക്ഷ്യപത്രങ്ങൾ നൽകി വരുന്നു.</li></ul>അപേക്ഷകൾ അധികമായി വരുന്ന സാഹചര്യങ്ങളിൽ സ്പെഷ്യൽ അദാലത്തുകൾ നടത്തി സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുവാനുള്ള നടപടികൾ നടന്നു വരുന്നുണ്ട്. |
| (ബി) | ഓൺലൈൻ വഴി ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാ പ്രകാരമാണോ തീർപ്പ് കല്പിക്കുന്നത്; അല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഓൺലൈൻ വഴി ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാ പ്രകാരം ചെയ്യുന്നതിന് സഹായകരമായ വിധത്തിലാണ് വെബ് പോർട്ടലുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. |
| (സി) | നിലവിൽ ഓൺലൈൻ സംവിധാനം ഇല്ലാത്ത സേവനങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ; പ്രസ്തുത സേവനങ്ങൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ കൈപ്പറ്റ് രസീത് നൽകുന്നുണ്ടോ; | (സി) | നിലവിൽ വില്ലേജ് ഓഫീസുകളിൽ EWS സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് ഒഴികെയുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ സംവിധാനം മുഖാന്തിരമാണ് നൽകിവരുന്നത്. ഓൺലൈൻ അപേക്ഷക്ക് കൈപ്പറ്റ് രസീത് ആവശ്യമില്ല. |

| | | | |
|---|---|---|---|
| | ആയവയ്ക്ക് മുൻഗണനാ പ്രകാരമാണോ തീർപ്പ് കല്പിക്കുന്നത്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ